"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ (അതിക്രങ്ങൾ തടയൽ) നിയമം - ക്രൂരകൃത്യങ്ങൾക്ക് വിധേയരായി മരണപ്പെടുകയോ സ്ഥിരമായ അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും അവരുടെ ആശ്രിതർക്കും സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനുള്ള പദ്ധതി - അതിക്രമത്തിനിരയായി മരണപ്പെട്ട പാലക്കാട്, പട്ടാമ്പി, കുലുക്കല്ലൂർ, മൂത്തേവീട്ടിൽപടി പ്രഭാകരന്റെ മകൻ ശ്രീ.പ്രവീൺ.എം.പി-യ്ക്ക് പാലക്കാട് ജില്ലയിലെ കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ്

**സ.ഉ (കൈ)നം. 7/2024/പജപവവിവ.** **തീയതി, തിരുവനന്തപുരം, 01/03/2024**

പരാമർശം:- 1. സ.ഉ(അ)നം.14/2011/പജപവവിവ തീയതി 31.01.2011
2. ശ്രീ. പ്രവീൺ.എം.പി, S/0 പ്രഭാകരൻ (Late), മൂത്തേവീട്ടിൽപടി, മുളയൻകാവ്, കുലുക്കല്ലൂർ, പട്ടാമ്പി, പാലക്കാട് 03/08/2023-ൽ സമർപ്പിച്ച അപേക്ഷ.
3. 24.03.2023-ൽ ചേർന്ന പാലക്കാട് ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ നടപടിക്കുറിപ്പ്.
4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 23.12.2023 തീയതിയിലെ SCDD/6556/2022-B3(Dev B) നമ്പർ കത്ത്

### ഉത്തരവ്

അതിക്രമത്തിന് വിധേയരായി മരണപ്പെടുകയോ സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ വിധവയ്ക്കോ മറ്റ് ആശ്രിതർക്കോ സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനുള്ള പരാമർശം (1) ലെ പദ്ധതി പ്രകാരം ജോലി നൽകണമെന്നഭ്യർത്ഥിച്ച് പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 185/2015 ആയി രജിസ്റ്റർ ചെയ്ത കേസിലെ, മരണപ്പെട്ട പ്രഭാകരന്റെ മകൻ ശ്രീ. പ്രവീൺ എം.പി, മൂത്തേവീട്ടിൽപടി, മുളയൻകാവ്, കുലുക്കല്ലൂർ, പട്ടാമ്പി, പാലക്കാട് എന്നവർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

പ്രഭാകരന്റെ ആശ്രിതന് ജോലി നൽകുന്നതിന് പാലക്കാട് ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി പരാമർശം (3)-ലെ നടപടിക്കുറിപ്പ് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. അപേക്ഷകന് പാലക്കാട് ജില്ലയിലെ കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകാവുന്നതാണെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം.185/2015 ആയി രജിസ്റ്റർ ചെയ്ത കേസിലെ, അതിക്രമത്തിനിരയായി മരണപ്പെട്ട പ്രഭാകരന്റെ മകൻ ശ്രീ. പ്രവീൺ എം.പി-യ്ക്ക് പാലക്കാട് ജില്ലയിലെ കുഴൽമന്ദം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ, നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും സൂചിത ഉത്തരവിലെ പൊതുചട്ടങ്ങളും കർശനമായി പാലിച്ച് നിയമനം നൽകുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

അപേക്ഷകന്റെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവയുടെയും മറ്റ് രേഖകളുടെയും അസ്സൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷം നിലവിലുള്ള നിയമമനുസരിച്ച് നിയമന ഉത്തരവ് നൽകേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

ശ്രീ.പ്രവീൺ എം.പി – യ്ക്ക് നിയമനം നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ എ എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ സെക്ടർ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എക്കണോമിക് & റവന്യൂ സെക്ടർ) കേരള, തിരുവനന്തപുരം
ശ്രീ. പ്രവീൺ എം.പി, S/o പ്രഭാകരൻ (Late), മുത്തേവീട്ടിൽപടി, മുളയൻകാവ്,
കുലുക്കല്ലൂർ (പി.ഒ), പട്ടാമ്പി, പാലക്കാട് -679337
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ,ഐ&പി.ആർ.ഡി, ഗവ.സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ